(ഇ&ജി) ദേശീയപാത വിഭാഗത്തിൽ 966 ലക്ഷം രൂപയും 31.12.99 വരെ റോഡുകളും പാലങ്ങളും വിഭാഗത്തിൽ 500.532 കോടി രൂപയും കെട്ടിടങ്ങളും ലോക്കൽ വർക്സും വിഭാഗത്തിൽ 58.01 കോടി രൂപയും കുടിശ്ശികയുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

(എച്ച്) ഗവൺമെന്റിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതിനനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

26 (*116) വീടില്ലാത്ത മത്സ്യബന്ധന തൊഴിലാളികൾക്ക് വീടു നൽകാൻ പദ്ധതി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത എല്ലാ മത്സ്യബന്ധന തൊഴിലാളികൾക്കും വീട് നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിക്കുമോ;

(ബി) വീടുകൾ നിർമ്മിക്കാനായി ഇക്കൊല്ലം കേന്ദ്രത്തിൽ നിന്നും എന്തു തുക ലഭിച്ചു;

(സി) ഓരോ ജില്ലയിലും വീടുകൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വീടില്ലാത്തവരും, അർഹരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ താഴെ പറയുന്ന രണ്ട് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നുണ്ട്.

1. ദേശീയമത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണപദ്ധതി.

2. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരവും തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ മത്സ്യത്തൊഴിലാളികൾക്ക്, ഭവന നിർമ്മാണത്തിനായി വീടൊന്നിന് 35,000/- രൂപ എന്ന നിരക്കിൽ ധനസഹായം സൗജന്യമായി നൽകി വരുന്നു.

(ബി) നടപ്പു സാമ്പത്തികവർഷം തുകയൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന എല്ലാ ജില്ലകളിലും മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly